## പതിമൂന്നാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3371

24.06.2013-ൽ മറുപടിക്ക്

<u>പുളിക്കൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കരിങ്കൽ ക്വാറി</u>

ചോദ്യം | മറുപടി

| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | | | ശ്രീ.കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കൊണ്ടോട്ടി മണ്ഡലത്തിൽ പുളിക്കൽ പഞ്ചായത്തിൽ തുറമുഖ വകുപ്പിന്റെ കീഴിൽ ഒരു കരിങ്കൽ ക്വാറി (പാറമട) പ്രവർത്തിക്കുന്നുണ്ടോ; | (എ) | ഇപ്പോൾ പ്രവർത്തിക്കുന്നില്ല. |
| (ബി) | ഇത് എത്ര ഏക്കർ സ്ഥലത്താണ് സ്ഥിതിചെയ്യുന്നതെന്നും ഇതിൽ എത്ര ഏക്കർ സ്ഥലം പാറപൊട്ടിക്കാൻ ബാക്കിയുണ്ട് എന്നും വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത ക്വാറിയ്ക്ക് 16.706 ഏക്കർ വിസ്തീർണ്ണമുണ്ട്. പാറപൊട്ടിക്കാൻ ബാക്കി വരുന്ന സ്ഥലത്തിന്റെ അളവ് തിട്ടപ്പെടുത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ക്വാറിയിൽ പാറ പൊട്ടിക്കുന്നതിന് അനുവാദം നൽകണം എന്ന് ആവശ്യപ്പെട്ട് ആരെങ്കിലും അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ, വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | പ്രസ്തുത ക്വാറിയിൽ നിന്ന് പാറപൊട്ടിക്കുന്നതിന് അനുമതിയ്ക്കുവേണ്ടി താഴെ പറയുന്നവരിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്.<br>1. 31.03.2008-ൽ ശ്രീ.വി.മൊയ്ദീൻ, വി.കെ.എം.ഹോളോ ബ്രിക്സ്.<br>2. 01.01.2010 – ൽ തറമ്മൽ വീട്ടിൽ ശ്രീ.ബീരാൻ മകൻ ശ്രീ.സി.എം. അബൂസുഫിയാൻ<br>3. 02.06.2010 ൽ മണ്ണറോട്ട് വീട്ടിൽ ശ്രീ.കെ.പി.ബീരാൻ കുട്ടി മകൻ ശ്രീ.കെ.പി.മുജീബും അട്ടുങ്ങും പുറം വീട്ടിൽ ശ്രീ.റ്റി.എ.മുഹമ്മദ് മകൻ ശ്രീ.റ്റി.എ റിഷാദും<br>4. 09.01.2013 ൽ കോഴിക്കോട് ജില്ലയിൽ 21/1214-ബി (ദിൽദിൽ) യിൽ ശ്രീ.ആലിക്കോയ മകൻ ശ്രീ.പി. മുഹമ്മദ് ഹനീഫ.<br>5. കൊണ്ടോട്ടി എം.എൽ.എ ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി.<br><br>ഇതിൽ ശ്രീ.മുജീബ് കെ.പി, ശ്രീ.റിഷാദ്.ടി.എ എന്നിവർ സർക്കാരിൽ സമർപ്പിച്ച അപേക്ഷ മൈനിംഗ് & ജിയോളജി വകുപ്പിന്റെ പരിശോധനയിലാണ്. |
| (ഡി) | ഈ ആവശ്യത്തിനായി പുളിക്കൽ ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ, ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) | ഈ ആവശ്യത്തിനായി പുളിക്കൽ ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ